**ദൈവത്തിലേക്കുള്ള വഴികള്‍...**
:: ജയിംസ് ഇടയോടി ::



ഉളിയും കൊട്ടുവടിയും കൊണ്ട് മരത്തടികള്‍ക്ക് രൂപവ്യതിയാനം വരുത്തുമ്പോഴും പെയിന്റും ബ്രഷും ഉപയോഗിച്ച് ചമയങ്ങള്‍ തീര്‍ക്കുമ്പോഴും കരവിരുതുകളില്‍ ചാരുതയാര്‍ന്ന ശില്‍പ്പങ്ങള്‍ രൂപ ംകൊള്ളുമ്പോഴും അഭ്രപാളികളില്‍ ഡോക്യുമെന്ററികള്‍ രൂപ പ്പെടുത്തുമ്പോഴും ബ്ര.ജോര്‍ജിന്റെ മനസില്‍ ആത്യന്തികമായ ഒരു ലക്ഷ്യമുണ്ട്. എല്ലാം ദൈവിക സാക്ഷ്യത്തിനും മനുഷ്യനന്മയ്ക്കും ഉപകരിക്കണം. പരിമിതമായ ബുദ്ധിക്കപ്പുറം വിദഗ്ധമായ കലാപ ാരമ്പര്യമോ തേജസാര്‍ന്ന ബുദ്ധിവൈഭവമോ ഒന്നും കൈമുതലായി ഇല്ലാതിരുന്ന വ്യക്തി, ഇന്ന് സര്‍വ പ്രതിഭാവല്ലഭന്‍ എങ്ങനെ ആയി എന്നല്ലേ...? എല്ലാറ്റിലും ചെറിയ തുടക്കം, പിന്നെ കഠിനാദ്ധ്വാനം. അതാണ് ഫ്രാന്‍സിസ്ക്കന്‍ മിഷനറി ബ്രദേഴ്സ് സന്യാസസഭാംഗമായ ബ്ര. ജോര്‍ജ് വൈറ്റസിന്റെ ശൈലിയും വിജയരഹസ്യവും.

കൊട്ടുവടിയില്‍നിന്ന് ഫിലിം ക്യാമറകളിലേക്കുള്ള രൂപാന്തരത്തിനിടയില്‍ എത്രയെത്രയോ കടമ്പകള്‍, നീണ്ട മണിക്കൂറുകളുടെ കഠിനാദ്ധ്വാനം. ജീവിതത്തിന്റെ പ്രാരാബ്ധങ്ങളില്‍ പെട്ടിരിക്കുമ്പോഴും അനുദിന പ്രാര്‍ത്ഥനകളും ജപമാലയും ദിവ്യകാരുണ്യ ആരാധനയും മുടക്കാറില്ലായിരുന്നു. എല്ലാം – ദൈവം എന്നെ അവിടുത്തേക്ക് ഒരു ഉപകരണമായി മാറ്റു കയായിരുന്നു. ബ്രദര്‍ ജോര്‍ജ് പറയുന്നു.

ചേന്ദമംഗലം കൂട്ടുകാട് ഇടവക അച്ചന്‍ബാവാ എന്നറിയപ്പെടുന്ന പുളിക്കത്തറയില്‍ അഗസ്റ്റ്യന്റെയും അമ്മിണിയുടെയും മകന്‍ ഹൈസ്കൂള്‍ വിദ്യാഭ്യാസത്തിന് ശേഷം വെല്‍ഡിംഗ് പഠിച്ച് അന്നത്തിന് മാര്‍ഗം തേടി ബാംഗ്ലൂരില്‍ എത്തി. ഫ്രാന്‍സിസ്ക്കന്‍ മിഷനറി ബ്രദേഴ്സുമായി ഉണ്ടായ പരിചയം, ജീവിതത്തിന്റെ മറ്റൊരു അധ്യായത്തിലേക്കുള്ള പരിണാമമായി. ആത്മാവിന്റെ അന്തര്‍ഗതങ്ങള്‍ തിരിച്ചറിയുന്ന ദൈവം, ജീവിതത്തിന് മറ്റൊരു കവാടം തുറന്നു കൊടുക്കുകയായിരുന്നു. അഞ്ചുവര്‍ഷത്തെ ഫോര്‍മേഷന് ശേഷം തത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിച്ച്, ടെക്നിക്കല്‍ ലൈനില്‍ തന്നെയുള്ള പഠനത്തിനായി മുംബെയില്‍ എത്തി. സെന്റ് ഫ്രാന്‍സിസ് ടെക്നിക്കല്‍ ഇന്‍സ്റ്റിറ്റ്യൂട്ടില്‍ നിന്നും കാര്‍പെന്ററി പാസായി. തുടര്‍ന്ന് മേലധികാരികളുടെ നിര്‍ദേശപ്രകാരം സിവില്‍ ഡ്രാഫ്സ്മാന്‍ കോഴ്സ് പഠിച്ചു. കൂടാതെ പ്രശസ്ത സ്ഥാപനമായ എസ്.എല്‍ രെഹേജാ സ്കൂള്‍ ഓഫ് ആര്‍ട്സ് ഇന്‍സ്റ്റിറ്റ്യൂട്ടില്‍ നിന്ന് ഇന്റീരിയല്‍ ഡിസൈനിംഗില്‍ ഡിപ്ലോമ പാസായി. സെന്റ് ഫ്രാന്‍ സിസ് ടെക്നിക്കല്‍ ഇന്‍സ്റ്റിറ്റ്യൂട്ടില്‍ തന്നെ ഇന്റീരിയല്‍ ഡിസൈനിംഗില്‍ കോഴ്സ് ആരംഭിച്ചു. 15 കുട്ടികളുമായി തുടങ്ങിയ സ്ഥാ പനം ഒരു പ്രൊഫഷണല്‍ കോളജായി മാറി. ഈ രംഗത്ത് മുംബെയില്‍ ഉന്നതരായ വ്യക്തികളില്‍ ബ്ര.ജോര്‍ജിന്റെ ശിഷ്യര്‍ നിരവധിയാണ്. അവിടെ 15 വര്‍ഷം പ്രിന്‍സിപ്പലായി.

തുടര്‍ന്ന് റോമില്‍ പോയി ആഞ്ചലിക്കാ യൂണിവേഴ്സിറ്റിയില്‍ നിന്ന് സ്പിരിചാലിറ്റിയില്‍ കോഴ്സ് പ ൂര്‍ത്തിയാക്കി. ഡാവിഞ്ചി സ്ഥാപിച്ച റോമിലെ യൂണിവേഴ്സിറ്റി ഓഫ് ഫൈനാര്‍ട്സില്‍ നിന്ന് ഡ്രോയിംഗ് ആന്റ് പെയിന്റിംഗില്‍ ഡിപ്ലോമ എടുത്തു. യൂണിവേഴ്സിറ്റി ചാന്‍സലര്‍ മെരുസെല്ലോയുടെ കീഴില്‍ ഫൈന്‍ ആര്‍ട്സില്‍ ഗവേഷണപരീക്ഷണങ്ങളും വിദഗ്ധനായ ഇറ്റാലിയന്‍ വൈദികന്‍ ഫാ.റെയ്മോ ഒ.എഫ്.എം. ക്യാപ്പിന്റെ മേല്‍നോട്ടത്തില്‍ പ്രതിമാനിര്‍മാണവും വശമാക്കി. മുംബെയില്‍ തിരിച്ചെത്തി. ബില്‍ഡിംഗ്റിപ്പയറിംഗ് ആന്റ് കണ്‍സ്ട്രക്ഷന്‍ രംഗ ത്ത് ജോലി ചെയ്തു. നാല് ബഹുനില കെട്ടിടങ്ങളുടെ ഡ്രോ യിംഗ് വരച്ച് അതിന്റെ പണികള്‍ പൂര്‍ത്തിയാക്കി. ഇപ്പോള്‍ സ്കൂളിന് വേണ്ടി അഞ്ചാമത്തെ കെട്ടിടം പൂര്‍ത്തിയായി വരുന്നു. ഒരു സന്യാസിക്ക് കെട്ടിടനിര്‍മാണം അനുയോജ്യമോ? വി.ഫ്രാന്‍സിസ് അസീസിയുടെ പ്രേഷിത വേലയുടെ തുടക്കം അതായിരുന്നല്ലോ. മാത്രമല്ല പ്രശസ്തി നോക്കാതെയും ലാഭവിഹിതം നോക്കാതെയും കലര്‍പ്പുകളില്ലാത്ത ഗുണനിലവാരം പണികളില്‍ ഉറപ്പ് വരുത്താം. അതാണ് മറ്റ് കെട്ടിടനിര്‍മാക്കളില്‍ നിന്ന് അദ്ദേഹത്തെ വ്യത്യസ്തനാക്കുന്നത്.

റോമില്‍നിന്ന് വന്നയുടനെ തന്നെ 'കലാസാധനാ' എന്ന പേരില്‍ ഒരു സ്റ്റുഡിയോയും തുടങ്ങി. അവിടെ ക്രിസ്തീയ ശില്‍പങ്ങളുടെ നിര്‍മാണം ആരംഭിച്ചു. ആദ്യം ചെറിയ പ്രതിമകള്‍ പരീക്ഷണാര്‍ത്ഥം ഉണ്ടാക്കിനോക്കി. അത് കണ്ട് ഇഷ്ടപ്പെട്ടവര്‍ വലിയ ക്രിസ്തീയ പ്രതിമകള്‍ക്ക് ഓഡര്‍ കൊടുത്തു. ഇന്ന് ഇന്ത്യയുടെ എല്ലാ ഭാഗത്തുനിന്നും ഓഡറുകള്‍ കിട്ടുന്നുണ്ട്. ആറ് ജോലിക്കാര്‍ വര്‍ക്ക്ഷോപ്പില്‍ തുടര്‍ച്ചയായി പണിയെടുക്കുന്നു. പള്ളികള്‍ക്കും ചാപ്പലുകള്‍ക്കും വേണ്ടിയുള്ള രൂപകല്‍പനകളും ചെയ്ത് കൊടുക്കാറുണ്ട്.

2006–ല്‍ ജര്‍മ്മന്‍ ഹോളി ചൈല്‍ഡ് ഹുഡ് സംഘടനയോട് അനുബന്ധമായ മിഷന്‍ പ്രവര്‍ത്തനത്തിന്റെ ധനശേഖരണാര്‍ത്ഥം നടത്തിയ അന്താരാഷ്ട്രാ ശില്‍പ നിര്‍മ്മാണ മത്സരത്തില്‍ 'ശാന്തിദൂത്' എന്ന പേ രിലുള്ള ബ്ര. ജോര്‍ജിന്റെ അതിമനോഹരമായ പ്രതിമയ്ക്കാണ് അവാര്‍ഡ് ലഭിച്ചത്. ജെ.ജെ.സ്കൂള്‍ ഓഫ് ആര്‍ട്സില്‍ നിന്ന് ഫോട്ടോഗ്രാഫി പഠിച്ചു എങ്കിലും ഒരു അന്തര്‍ദ്ദേശീയ ഫോട്ടോഗ്രാഫറുടെ ശിഷ്യത്വം സ്വീകരിച്ച് അയാളുടെ കീഴില്‍ കുറേക്കാലം പരിശീലനം നേടി. അദ്ദേഹമാണ് ഫോട്ടോഗ്രാഫിയുടെ അഡ്വാന്‍സ്ഡ് ടെക്നിക്ക് പഠിപ്പിച്ചത്. അതോടെ ഞങ്ങളുടെ ജനറലേറ്റിലെ പരിപാടികള്‍ അദ്ദേഹം തന്നെ കവര്‍ ചെയ്തു. പ്രധാനമായും നാച്വറല്‍ ഫോട്ടോഗ്രാഫി രംഗത്തേക്കാണ് പ്രവേശിച്ചത്. പ്ര കൃതിയുടെ സൗന്ദര്യം ദൈവത്തോട് കൂടുതലായി അടുപ്പിച്ചു. 2001–ല്‍ കേരളാ ടൂറിസം ഡവലപ്മെന്റ്

കോർപ്പറേഷന്റെ 'ബെസ്റ്റ് എൻട്രി' അവാർഡ് ലഭിച്ചു.

ഡോക്യുമെന്ററി ഫിലിം ഉണ്ടാക്കാൻ പഠിച്ചത് ഒരു സുഹൃത്ത് വഴിയാണ്. വീഡിയോ റി ക്കോ ർഡിംഗ്, സൗണ്ട് റിക്കോർഡിംഗ് എന്നിവയിലും പരിശീലനം കിട്ടി. ''ആദ്യമായി ഞങ്ങളുടെ സ ന്യാസസമൂഹത്തെക്കുറിച്ചുള്ള ഡോക്യുമെന്ററി ഫിലിം നിർമിച്ചു. മൊത്തത്തിൽ ഏഴ് ഡോക്യുമെന്ററി ഫിലിമുകൾ ഞാൻ ഉണ്ടാക്കി''.

മോട്ടർ ബൈക്ക് ഡിസൈനിംഗ് ആന്റ് റൈ ഡിംഗ് ബ്രദറിന്റെ മറ്റൊരു ഹോബിയാണ്. 1964 മോഡൽ എൻഫീൽഡ് ബൈക്കാണ് ഇപ്പോഴും ഉപയോഗിക്കുന്നത്. 'ബിഗ് ബൈക്കേഴ്സ് ക്ലബ്' എന്ന പേരിൽ യുവാക്കളുടെ ഒരു സംഘടന സ്ഥാപിച്ചു. അതിന്റെ രക്ഷാധികാരി ബ്ര. ജോർജാണ്. ഇതിലൂടെ അദ്ദേഹം ലക്ഷ്യം വ യ്ക്കുന്നത്, യുവാക്കളെ സംഘടിപ്പിക്കുക, അവർക്ക് ആവശ്യമായ ഫോർമേഷൻ കൊടുക്കുക. പ്രത്യേകിച്ച് തെറ്റിന്റെ വഴിയിൽ സഞ്ചരിക്കുന്നവരെ നന്മയുടെ മാർഗത്തിൽ കൊണ്ടുവരുക. സാമ്പത്തികമായി നല്ല നിലയിൽ ജീവിക്കുന്ന ഇവർക്ക്, കാ ലിടറാൻ ധാരാളം അവസരങ്ങൾ മുമ്പിലുണ്ട്. ദീർഘവീക്ഷണത്തോടെ തന്നെയാണ് യുവജനങ്ങളുടെ ഇഷ്ടവിഷയമായ ബൈക്ക് റൈഡിംഗ് തിരഞ്ഞെടുത്തത്. എല്ലാ യാത്രകളും കൃത്യമായ ലക്ഷ്യബോധത്തോടെയാണ് ഒരുക്കുക. യുവാക്കളെ സംഘടിപ്പിച്ച് ഏതെങ്കിലും മേഖലയിൽ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി വിദൂരസ്ഥലങ്ങളിൽ പോകുക. പാവപ്പെട്ടവരെ സഹായിക്കുക. അതോടൊപ്പം തന്നെ യുവാക്കളുടേതായ പ്രശ്നങ്ങൾ കേൾക്കുക. ജോർജ് ബ്രദറിന്റെ ജീവിതശൈലിയിൽ നിന്ന് പ്ര ചോദനമുൾക്കൊണ്ട് വീഴാമായിരുന്ന തിന്മയുടെ മേഖലകളിൽനിന്ന് പല യുവാക്കളും രക്ഷപെട്ടിട്ടുണ്ട്. അവരിൽ ഒരാൾ ഫ്രാൻസിസ്കൻ സഭാംഗമാകുകയും ചെയ്തു.

ഇന്റീരിയൽ ഡിസൈനിംഗ് കോളജിൽ നല്ല സാമ്പത്തിക നിലവാരം ഉള്ള കുട്ടികളാണ് പഠനത്തിനായി വരുന്നത്. ജോർജ് ബ്രദർ കോളജ് പ്രിൻസിപ്പൽ ആയിരുന്ന സമയത്ത് അദ്ദേഹത്തി ന്റെ മനസിൽ ഒരു ചോദ്യമുദിച്ചു. ഒരു ക്രിസ്തീയ സന്യാസ സഭാംഗമെന്ന നിലയിൽ പാവപ്പെട്ടവർക്ക് വേണ്ടി ഞാൻ എന്താണ് ചെയ്യുന്നത്?

അങ്ങനെ പാവപ്പെട്ട കുട്ടികൾക്കായി ഡ്രോ യിംഗ് ആന്റ് പെയിന്റിംഗിന്റെ ഈവനിംഗ് ക്ലാസുകൾ ആരംഭിച്ചു. സ്ക്രീൻപ്രിന്റിംഗ് കോ ഴ്സും അവിടെ ആരംഭിച്ചു. മുംബെയ് ലയൺസ് ക്ലബ് കുറേ പഴയ കമ്പ്യൂട്ടറുകൾ ഫ്രീയായി നൽകി. അങ്ങനെ ചേരിപ്രദേശത്ത് താമസിക്കുന്ന ദരിദ്രരായ കുഞ്ഞുങ്ങൾക്കായി കമ്പ്യൂട്ടർ കോഴ്സുകൾ തുടങ്ങി. 'ഉപാസന കലാ വിദ്യാലയ' എന്ന പേരിലുള്ള ഈ സ്ഥാപനം ഇന്നും നല്ല നിലയിൽ പ്രവർത്തിക്കുന്നു. സെന്റ് ഫ്രാൻസിസ് സ്കൂൾ ഓഫ് ഇന്റീരിയർ ഡിസൈൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സിസ്റ്റർ കൺസേൺ ആയി ഉപാസനാ കലാവിദ്യാലയ് മാറി. ചേരിയിലെ കുട്ടികളുടെ പുനരുദ്ധാരണത്തിന് വേണ്ടിയുള്ള ബ്ര. ജോർജിന്റെ സേവനങ്ങൾ പരിഗണിച്ച് മുംബെയ് ലയൺസ് ക്ലബിന്റെ സ്പെഷ്യൽ അവാർഡിന് അദ്ദേഹം അർഹനായി. മുംബൈ ദൂരദർശൻ ഇദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ''വിശ്വാസത്തെയും ധാർമികമൂല്യങ്ങളെയും ഹനിക്കാത്ത എല്ലാ ജോലിയും ഞാൻ ചെയ്യാറുണ്ട്. എനിക്ക് ഏറ്റം പ്രധാനം എന്റെ വിളിയാണ്.

എന്നെ വീട്ടിൽനിന്ന് സന്യാസത്തിന് പോകാനനുവദിച്ചത് ന ല്ലൊരു ബ്രദറായി പാവപ്പെട്ടവർക്ക് സേവനം ചെയ്യാനാണ്. അല്ലാതെ പ്രശസ്തിക്കും സ്ഥാനമാനങ്ങൾക്കും വേണ്ടി മല്ലടിക്കാനല്ല. ദൈവം തന്ന ഒരു ഉൾക്കാഴ്ചയാണിത്. ആയതിനാൽ എന്നാലാവുന്ന വിധത്തിലെല്ലാം ഞാനായിരിക്കുന്ന സാഹചര്യത്തിൽ പാവപ്പെട്ടവരെ സഹായിക്കാൻ ശ്രമിക്കാറുണ്ട്. എന്റെ തൊ ഴിൽ ജീവിതവും അനുബന്ധപ്രവർത്തനങ്ങളും ഒരു ഇൻ–ഡയറക്റ്റ് മിഷൻ എന്ന നിലയിലാണ് ഞാൻ വിലയിരുത്തുന്നത്. പ്ര ത്യേകിച്ച് യുവജനങ്ങളെ സ്വാധീനിക്കുക, ദുഷ്ക്കരമായ കാര്യമാണ്. തൊഴിൽ മേഖലയിലൂടെയേ അവരെ സ്വന്തമാക്കാൻ പറ്റൂ. അല്ലാതെ അവരോട് ഫുൾ ടൈം പ്രാർത്ഥിക്കാൻ പറഞ്ഞാൽ അതിനൊന്നും ആരെയും കിട്ടില്ല. ഏറ്റം ഉചിതമായ മാർഗമാണ് തൊഴിൽ രംഗം. ഇക്കാലത്ത് മീഡിയായെ വേണ്ടവിധം ഉപയോഗിക്കാൻ കഴിയാതെ പോയത് നമ്മുടെ പരാജയം തന്നെയാണ്;'' ബ്രദർ ജോർജ് പ റയുന്നു.

ചേരിപ്രദേശത്ത് നിന്ന് സമ്പന്ന വീടുകളിൽ വീട്ടുവേലയ്ക്ക് പോകുന്ന സ്ത്രീകൾക്കും പെ ൺകുട്ടികൾക്കുമായി ടെയിലറിംഗ് ക്ലാസുകൾ ആരംഭിച്ചു. ലയൺസ് ക്ലബിന്റെ വകയായി തയ്യൽ മിഷനുകൾ കിട്ടിയിരുന്നു.

വിവിധ മേഖലകളിലേക്ക് പ്രവർത്തനങ്ങൾ വ്യാപിച്ചതോടെ രാഷ്ട്രീയക്കാർക്കും ബ്രദറിനോട് താൽപ ര്യമായി. ചേരിപ്രദേശത്ത് അലഞ്ഞ് തിരിഞ്ഞും വഴക്കിട്ടും ജീവിതം തള്ളിനീക്കുന്ന ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിച്ചു. അതവരുടെ ജീവിതത്തിൽ വലിയ മാറ്റങ്ങൾക്കത് കാരണമായി. ഇത് പത്രത്തിൽ വാർത്തയായി. ചേരിപ്രദേശത്തെ കുട്ടികൾക്കായി ഒരു ക്രിക്കറ്റ് മത്സരം സംഘടിപ്പിച്ചു. ഇവിടുത്തെ രാഷ്ട്രീയ പാർട്ടിയായ ശിവസേനക്കാർക്ക് സഭയോട് അത്ര അടുപ്പമില്ല. ബ്രദർ ശിവസേനയുടെ ലോക്കൽ നേതാക്കന്മാരെ ബന്ധപ്പെട്ട് പറഞ്ഞു. ''ചേരിയിലെ കുട്ടികൾക്കായി ഞങ്ങൾ ക്രിക്കറ്റ് മത്സരം സംഘടിപ്പിക്കുന്നുണ്ട്. നിങ്ങൾ എല്ലാവരും വരണം. അത് ഒരു വൻ വിജയമാക്കാൻ എല്ലാവരും സഹകരിക്കണം.'' അവരുടെ വൻ സഹകരണമാണ് ഉണ്ടായത്. അടുത്ത വർഷവും വമ്പിച്ച സപ്പോർട്ട് കിട്ടി. നേതാവ് ഉദ്ധവ് താക്കറേയേ അവർ കൊണ്ടുവന്നു. ഞാൻ വിചാരിച്ചു ഇതുതന്നെ നല്ല സമയം. അയാൾ എല്ലാം കണ്ട് മനസിലാക്കി. കാര്യങ്ങൾ വളരെ ഇഷ്ടപ്പെട്ടു. ചേരിയിലെ ദുരിതാവസ്ഥകളിൽ നിന്ന് കുട്ടികളുടെ ജീവിതത്തിൽ വന്ന വ്യതിയാനം അദ്ദേഹം തിരിച്ചറിഞ്ഞു. സമൂഹത്തിലെ ഏറ്റം താഴേക്കിടയിലുള്ളവരെയും അക്രൈസ്തവരെയും

മിഷനറിമാർ സഹായിക്കുന്നുണ്ട് എന്നത് അയാൾക്ക് ഒരു പുതിയ തിരിച്ചറിവായിരുന്നു. അദ്ദേഹം എന്നോട് പറഞ്ഞു. ''ഫാദർസാബ് അങ്ങേക്ക് എന്തെങ്കിലും ആവശ്യങ്ങൾ ഉണ്ടെങ്കിൽ എന്നെ വിളിച്ച് പ റഞ്ഞാൽ മതി.'' വിസിറ്റിംഗ് കാർഡും തന്നു. അദ്ദേഹം ഈ നഗരത്തിൽ എവിടെ വന്നാലും തികഞ്ഞ ഭവ്യതയോടെ വിളിക്കും. 'ഫാദർസാബ്, ഞാൻ ഇവിടെ എത്തിയിട്ടുണ്ട് ഒന്ന് വരാമോ.' ഇന്ന് മോറൽ ആന്റ് എത്തിക്സ് വിഷയങ്ങളിൽ ഒരു തീരുമാനം ആവശ്യമായി വരുമ്പോൾ– ബ്ര. ജോർജിന്റെ വാക്കുകൾ അവർക്ക് അവസാന വാക്കാണ്.

'' ഞാൻ പഠിക്കാൻ അത്ര മെച്ചപ്പെട്ടവനൊന്നും ആയിരുന്നില്ല. ആദ്യവ്രതവാഗ്ദാന ദിവസം ഞാനിന്നും ഓർമ്മിക്കുന്നു. കണ്ണീരോടെ ഞാൻ എന്നെത്തന്നെ പൂർണമായും കർത്താവിന് സമർപ്പിച്ചു. അതിന് ശേഷം ഞാനറിയാതെ തന്നെ ഒരു പ്രത്യേക വിഷലൈസേഷൻ എന്നിൽ പ്രകടമായി. അതുപേ ാലെതന്നെ നിത്യവ്രതവാഗ്ദാനത്തിന് ശേഷവും ദൈവം ധാരാളം കൃപകൾ എനിക്ക് നൽകി.

ദൈവത്തിൽ നിന്ന് കിട്ടിയ ദാനമല്ലാതെ ജന്മസിദ്ധമായ യാതൊ രു കഴിവുകളും എന്നിലുണ്ടായിരുന്നില്ല. ഉന്നത വിദ്യാഭ്യാസവും ഉന്നതസ്ഥാനങ്ങളും ഒക്കെ ആയിക്കഴിയുമ്പോൾ ജപമാലയും പ്രാർത്ഥനയും ഒരു പഴഞ്ചൻ പരിപാടിയായി നാളേക്ക് മാറ്റിവയ്ക്കുന്നവരുടെ എണ്ണം കൂടിവരുന്നു. അതിന്റെ പരിണിത ഫലമി ന്ന് സമൂഹത്തിൽ എവിടെയും കാണുന്നുണ്ട്.''

''എന്നെ വല്ലാതെ സ്വാധീനിച്ച ഒരു വ്യക്തിത്വമാണ് വി.ഫ്രാൻ സിസ് അസ്സീസിയുടേത്. അദ്ദേഹത്തിന്റെ സഭയിൽ വെറുമൊരു തുണസഹോദരനായി ജീവിക്കുന്നതിൽ ഞാൻ അഭിമാനം കൊ ള്ളുന്നു. വൈദികനാകാത്തതുകൊണ്ട് എനിക്ക് ഒരു ദുഃഖവും തോന്നുന്നില്ല. മനുഷ്യരെ സ്നേഹിക്കുക, അവരെ സഹായിക്കുക, അവിടെ നാം ദൈവത്തിനും മനുഷ്യർക്കും പ്രിയപ്പെട്ടവരായി മാറും. അതിന് സാ ധിക്കുന്നില്ലെങ്കിൽ ആരായിരുന്നിട്ടും കാര്യമില്ല. നാം വൈദികനോ ബ്രദറോ അല്മായനോ എന്നല്ല ദൈവം കണക്കാക്കുന്നത്. ദൈവത്തോട് എത്രമാത്രം അടുത്തിരിക്കുന്നുവെന്നതാണ് അവിടുന്ന് പ രിഗണിക്കുന്നത്. അതാണ് പരമപ്രധാനം'' ബ്രദർ പറഞ്ഞുനിർത്തി.

2009 ബ്ര.ജോർജിന്റെ സന്യാസത്തിന്റെ രജതജൂബിലിയാണ്.